പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2620 17.10.2016-ൽ മറുപടിക്ക്

## കോടതികളിൽ അഭിഭാഷകരും മാധ്യമ പ്രവർത്തകരും തമ്മിൽ നിലനിൽക്കുന്ന അഭിപ്രായ വ്യത്യാസം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. വി. വിജയദാസ് | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) ഹൈക്കോടതി ഉൾപ്പടെയുള്ള കേരളത്തിലെ ചില കോടതികളിൽ അഭിഭാഷകരും മാധ്യമ പ്രവർത്തകരും തമ്മിൽ നിലനിൽക്കുന്ന അഭിപ്രായ വ്യത്യാസമുൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ മുൻകൈ എടുത്ത് നടത്തിയ ശ്രമങ്ങൾ പ്രശ്നപരിഹാരത്തിന് വഴി തെളിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;<br><br>(ബി) ഇപ്രകാരമുള്ള സംഭവങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം മുൻകരുതലുകളും തുടർ നടപടികളുമാണ് സ്വീകരിക്കുന്നത്; വിശദവിവരം നൽകുമോ? | അഭിഭാഷകരും മാധ്യമപ്രവർത്തകരും തമ്മിലുണ്ടായ സംഘർഷങ്ങൾക്ക് പരിഹാരം കാണുന്നതിലേക്കായി ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എറണാകുളം ഗസ്റ്റ് ഹൗസിൽ വച്ച് ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം അഭിഭാഷകരും മാധ്യമ പ്രവർത്തകരും തമ്മിൽ ഭാവിയിൽ ഉണ്ടായേക്കാവുന്ന സംഘർഷങ്ങൾ തീർപ്പാക്കുന്നതിനായി അഡ്വക്കേറ്റ് ജനറൽ ചെയർമാനായും മാധ്യമ പ്രവർത്തകരുടേയും അഭിഭാഷകരുടേയും പ്രതിനിധികളെ ഉൾപ്പെടുത്തിയും ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ഇവർക്കു പുറമെ പോലീസുകാരുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സംസ്ഥാന പോലീസ് മേധാവിയും ബന്ധപ്പെട്ട ജില്ലയിലെ ജില്ലാ പോലീസ് മേധാവിയും സമിതിയിൽ ഉൾപ്പെടുന്നതാണ്.<br><br>ഇതിനു പുറമെ, മുഖ്യമന്ത്രി അഡ്വക്കേറ്റ് ജനറലിനോടൊപ്പം ബഹു. ഹൈക്കോടതി ചീഫ് ജസ്റ്റിസിനെ നേരിൽ കാണുകയും മാധ്യമ പ്രവർത്തകർക്ക് കോടതികളിൽ തടസ്സമുണ്ടാവില്ല എന്ന് ഉറപ്പ് വരുത്തുകയും ചെയ്തിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ നിയമം അനുശാസിക്കുന്ന തരത്തിൽ നേരിടുന്നതിന് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ